## ഇ-സ്റ്റാമ്പിംഗ് സംവിധാനം

140 (2618) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-സ്റ്റാമ്പിംഗ് സംവിധാനം തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) .ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(24-2-2011-ലെ നക്ഷത്രചിഹ്നമിടാത്ത 2450, 2452, 2453, 2454, 2459, 2462, 2464, 2467, 2468, 2469, 2472, 2475, 2476, 2477, 2478, 2479, 2481, 2482, 2483, 2484, 2485, 2486, 2487, 2491, 2494, 2500, 2502, 2506, 2508, 2519, 2521 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ഘട്ടത്തിൽ ലഭ്യമായിട്ടില്ല.)

## II ചരമോപചാരം

മി. സ്പീക്കർ : മുൻ നിയമസഭാംഗമായിരുന്ന എ. പി. ഹംസ, മുൻ ലോക്സഭാംഗവും മുതിർന്ന കോൺഗ്രസ്സ് നേതാവും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന പാലാ കെ.എം. മാത്യു, ഒളിമ്പ്യൻ സുരേഷ്ബാബു, ആറന്മുള പൊന്നമ്മ, നിയമസഭാ സെക്രട്ടറിയായിരുന്ന കെ.പി. പത്മനാഭൻ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

### എ. പി. ഹംസ

മുൻ നിയമസഭാംഗമായിരുന്ന എ. പി. ഹംസ 2011 ഫെബ്രുവരി 11-ന് അന്തരിച്ചു. തച്ചമ്പാറ പൊന്നങ്കോട് എടായിക്കലിൽ മമ്മദ് ഹാജിയുടേയും ആയിശയുടെയും മകനായി 1932 ഏപ്രിൽ 10-ന് ജനിച്ചു. അദ്ദേഹം 1980-82 കാലയളവിൽ നിയമസഭയിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. 16 വർഷം കാരാകുർശ്ശി ഗ്രാമപഞ്ചായത്തിന്റെയും 8 വർഷം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റായിരുന്നു. തച്ചമ്പാറ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, കൊല്ലം സ്പിന്നിംഗ് മിൽ ഡയറക്ടർ, ലാൻഡ് ബോർഡംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മുസ്ലീംലീഗ് പാലക്കാട് ജില്ലാ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം മുസ്ലീം ലീഗ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലെ സജീവ സാന്നിദ്ധ്യമായിരുന്ന അദ്ദേഹത്തിന്റെ വേർപാട് ഒരു നഷ്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

### പാലാ കെ. എം. മാത്യു

മുൻ ലോക്സഭാംഗവും സ്വാതന്ത്ര്യ സമരസേനാനിയും മുതിർന്ന കോൺഗ്രസ് നേതാവും സാഹിത്യകാരനുമായിരുന്ന പാലാ കെ. എം. മാത്യു 22-12-2010-ൽ അന്തരിച്ചു. പാലാ കിഴക്കേൽ മത്തായിയുടേയും മറിയാമ്മയുടേയും മകനായി 1927-ൽ അദ്ദേഹം ജനിച്ചു. 1989-ലും 1991-ലും ലോക്സഭയിൽ ഇടുക്കി മണ്ഡലത്തെ പ്രതിനിധീകരിച്ചു. പ്രസ് കൗൺസിൽ ഓഫ് ഇൻഡ്യ അംഗം, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, അഗ്രോ മെഷീനറി കോർപ്പറേഷൻ ചെയർമാൻ, വൈദ്യുതി ബോർഡ് അംഗം, ഖാദി ബോർഡ് വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ മരണം കേരളത്തിലെ സാംസ്കാരിക രാഷ്ട്രീയ മണ്ഡലത്തിന് നഷ്ടമാണ്.

### ആറന്മുള പൊന്നമ്മ

മലയാള സിനിമയുടെ അമ്മയായ ആറന്മുള പൊന്നമ്മ 2011 ഫെബ്രുവരി 21-ന് അന്തരിച്ചു. ആറന്മുളയിലെ മലേത്ത് കേശവ പിള്ളയുടേയും പാറുക്കുട്ടി അമ്മയുടേയും മകളായി 1914 മാർച്ച് 22-ന് ജനിച്ചു. സംഗീതാദ്ധ്യാപികയായി ജീവിതം ആരംഭിച്ച ആറന്മുള പൊന്നമ്മ പിന്നീട് മലയാള സിനിമയിലെ അമ്മ വേഷങ്ങളിൽ നിറസാന്നിദ്ധ്യമായി മാറി. 50 വർഷത്തിലേറെ നീണ്ടുനിന്ന അഭിനയ ജീവിതത്തിൽ അഞ്ഞൂറിലധികം സിനിമകളിൽ അഭിനയിച്ചു. കഥാ പുരുഷനിലെ അഭിനയത്തിന് 1995-ലെ സഹനടിക്കുള്ള സംസ്ഥാന-ദേശീയ അവാർഡുകൾ, സിനിമാ ലോകത്തെ സമഗ്ര സംഭാവനയ്ക്കുള്ള ജെ. സി. ഡാനിയേൽ അവാർഡ്, സംഗീത-നാടക അക്കാഡമി അവാർഡ് തുടങ്ങി ഒട്ടനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ആറന്മുള പൊന്നമ്മയുടെ നിര്യാണം മലയാള സിനിമയുടെ എക്കാലത്തേയും നഷ്ടമാണ്.

### ഒളിമ്പ്യൻ സുരേഷ് ബാബു

ഇന്ത്യയുടെ എക്കാലത്തേയും മികച്ച അത്ലറ്റുകളിൽ ഒരാളായിരുന്ന ഒളിമ്പ്യൻ സുരേഷ് ബാബു 2011 ഫെബ്രുവരി 19-ന് അന്തരിച്ചു. 1953 ഫെബ്രുവരി 10-ന് കൊല്ലം ജില്ലയിലെ കല്ലടയിൽ ജനിച്ചു. സംസ്ഥാന സ്കൂൾ മീറ്റിൽ അരങ്ങേറിയ സുരേഷ് ബാബു മ്യൂണിക് ഒളിമ്പിക്സ് വരെ വളർന്നു. 1972-ൽ കോട്ടയം ദേശീയ മീറ്റിൽ ഹൈജമ്പിൽ സ്വർണ്ണം നേടി ശ്രദ്ധേയനായ അദ്ദേഹം 19-ാം വയസ്സിൽ ആ വർഷത്തെ മ്യൂണിക് ഒളിമ്പിക്സിനുള്ള ഇന്ത്യൻ ടീമിൽ അംഗമായി. പിന്നീട് 16 രാജ്യാന്തര മീറ്റുകളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു. കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ ആദ്യ മലയാളിയായിരുന്നു സുരേഷ് ബാബു. 1975-ലെ സോൾ ഏഷ്യൻ മീറ്റിൽ ഡെക്കാത്തലോണിലും 1978-ൽ ബാങ്കോക്ക് ഏഷ്യാഡിൽ ലോങ് ജമ്പിലും സ്വർണ്ണം കരസ്ഥമാക്കി. മറ്റ് നിരവധി ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ അനേകം മെഡലുകൾ അദ്ദേഹം കരസ്ഥമാക്കുകയുണ്ടായി. കായിക കേരളത്തിന് എന്നും പ്രചോദന മായിരുന്നു അന്തരിച്ച ഒളിമ്പ്യൻ സുരേഷ് ബാബു.



LIBRARY ARCHIVES Kerala Legislative Assembly

**കെ. പി. പത്മനാഭൻ**

കേരള നിയമസഭയുടെ സെക്രട്ടറിയായി 28-4-1984 മുതൽ 8-5-1987 വരെ സേവനം അനുഷ്ഠിച്ചിരുന്ന കെ.പി. പത്മനാഭൻ 17.12.2010-ന് അന്തരിച്ചു.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പ സമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III അടിയന്തരപ്രമേയം

**ജുഡീഷ്യൽ കമ്മീഷനെ സ്വാധീനിക്കാനുള്ള ശ്രമം**

മി. സ്പീക്കർ : ഓർഡർ.... ഓർഡർ.... റൂൾ 50 അനുസരിച്ച് ഒരു പ്രമേയം നൽകിയിട്ടുണ്ട്. ഈ അടിയന്തരപ്രമേയം ചെയർ പരിശോധിക്കുകയുണ്ടായി. ജുഡീഷ്യൽ കമ്മീഷനെ സ്വാധീനിക്കാനും ലോട്ടറി മാഫിയ സംഘത്തെ സഹായിക്കാനും ശ്രമിച്ചതായി പറയപ്പെടുന്ന ആരോപണങ്ങളും വെളിപ്പെടുത്തലുകളുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം സംബന്ധിച്ച് 7-2-2011-ൽ ഒരു അടിയന്തരപ്രമേയം അനുവദിച്ചിട്ടുള്ളതാണ്. മാത്രമല്ല 22, 23 തീയതികളിലും ഈ വിഷയം സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്തിട്ടുള്ളതും മറുപടി പറഞ്ഞിട്ടുള്ളതുമാണ്. ആയതിനാൽ അവതരണാനുമതി നിഷേധിക്കുന്നു. ...(ബഹളം)..... യെസ്... യെസ്...

(അടിയന്തപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്ന് പന്ത്രണ്ടാം കേരള നിയമസഭയുടെ അവസാന ദിവസമാണ്. ഇന്ന് പ്രതിപക്ഷത്തിന് പറയാനുള്ളത് പറയാനും അതിന് ഗവൺമെന്റിന് മറുപടി പറയാനുമുള്ള അവസരം വിനിയോഗിക്കുന്നതല്ലേ നല്ലത്. ഇന്നലെ ചില പ്രശ്നങ്ങൾ ഇവിടെ ഉന്നയിച്ചപ്പോൾ അന്വേഷണത്തിന് അനുകൂലമായ മറുപടി പറഞ്ഞില്ല. ഇന്ന് ചർച്ച പോലുമില്ല എന്നു പറയുന്നത് ശരിയാണോ ? ഇതുമായി ബന്ധപ്പെട്ട വാർത്തകളാണ് മാധ്യമങ്ങളിൽ മുഴുവൻ വന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ മറച്ചുവയ്ക്കാൻ ഒന്നുമില്ലെങ്കിൽ ഗവൺമെന്റിന് മറുപടി പറയാൻ പറ്റിയ സ്ഥലം നിയമസഭയല്ലേ ? ഇന്നത്തെ മാതൃഭൂമിയിൽ മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറയാനിരുന്ന മറുപടിയിൽ ചില ഭാഗങ്ങൾ വെട്ടിക്കളഞ്ഞിരിക്കുന്നു. ...(ബഹളം).....

മി. സ്പീക്കർ : യെസ്.. യെസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്..

ശ്രീ. ഉമ്മൻ ചാണ്ടി : വെട്ടിക്കളഞ്ഞത് മുഖ്യമന്ത്രിയാണോ, അതോ മറ്റാരെങ്കിലുമാണോ ? അദ്ദേഹം തയ്യാറാക്കിക്കൊണ്ടുവന്നിരുന്ന കാര്യം ഇവിടെ വായിച്ചിരുന്നെങ്കിൽ പ്രശ്നമൊന്നുമില്ല. ഇന്നലെത്തന്നെ പ്രശ്നം തീരുമായിരുന്നു. ഇതിലെന്തെങ്കിലും ക്രമക്കേട് കാട്ടിയിട്ടുണ്ടെങ്കിൽ അന്വേഷിക്കട്ടെ, ക്രമക്കേട് കാട്ടിയത് ആരായാലും അവർക്ക് ശിക്ഷ ലഭിക്കട്ടെ. തയ്യാറാക്കി കൊണ്ടുവന്നത്

LIBRARY ARCHIVES Kerala Legislative Assembly